
DARPAN
little
KITE
EMS SMARAKA GHSS PAPPINISSERI


little
KITES
ഒരു ഡിജിറ്റൽ സംരംഭം...



**SRI.SUMITHRAN KV**
**headmaster**

# സന്ദേശം

വിവരസാങ്കേതിക വിദ്യയാണ് ഇന്ന്
ലോകത്തെ മുന്നോട്ടു നയിക്കുന്നത്.
അതിന്റെ കൂട്ടായ്മയായ " ലിറ്റിൽ കൈറ്റ്സ് "ന്റെ
ഒരു ഘടകം പാപ്പിനിശ്ശേരി ഇ എം എസ് സ്മാരക
ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിലും
പ്രവർത്തിക്കുന്നുണ്ട്. കൊച്ചു കൂട്ടുകാർ
' ദർപ്പൺ ' എന്ന പേരിൽ ഇ -മാഗസിൻ
നിർമ്മിക്കുന്നതായി അറിഞ്ഞു. ഈ സംരം-
ഭത്തിൽ ഏർപ്പെട്ട എല്ലാ കൊച്ചു
കൂട്ടുകാർക്കും അതിനു പ്രോത്സാഹനം
നൽകുന്ന അധ്യാപകർക്കും എന്റെ
അഭിനന്ദനങ്ങൾ



**T P Venugopal**

बच्चों
की भावनाओं
को बढ़ाने केलिए नव
माध्यमों का बड़ा सहयोग है।
कथा, कविता, चित्ररचना, संगीत
आदि क्षेत्रों में आज बच्चों की रुचि
बढती जा रही है। इस अवसर पर ' दर्पण '
नामक यह डिजिटल मागसिन बच्चों की
सर्गात्मक अभिरुचियों का 'दर्पण'
हो जाने की आशा
करता हूँ।



**Smt.Latha PP**

I have great pleasure to know that the student of Little Kites of our school is bringing out a digital magazine 'Darpan' for the year 2018–19.It is not an easy task but,it is a venture of a combined effort of students and teachers. Ambition, planning, hardwork and courage are the key for success. Let the mind be cheerful and calm.

I wish every success to the venture..



പാപ്പിനിശ്ശേരി ഇ എം എസ്
സ്മാരക ഗവൺമെൻെറ്
ഹയർസെക്കൻെറി
സ്ക്കൂളിൽ ലിറ്റിൽ കൈറ്റ്
പ്രസിദ്ധീകരിക്കുന്ന ദർപൺ
ഡിജിറ്റൽ മാഗസിന് എല്ലാവിധ
ആശംസകളുംഅർപ്പിക്കുന്നു.
കുട്ടികളിലെ ഭാവന
വളർത്താൻ ലിറ്റിൽ കൈറ്റ്സിനു
സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി
ആഗ്രഹിക്കുന്നു.

ഇ അനൂപ് കുമാർ
പ്രസിഡൻെറ്,
പി ടി എ

# മുഖമൊഴി




കാലം  കടന്നു പോകുമ്പോഴും പിന്നിട്ട കാൽപ്പാടുകൾ മാഞ്ഞുപോകാതെ ഒരു കലാലയം. 'ദർപണ്'ന്റെ അകത്തളത്തിലേക്ക് ഏവർക്കും സ്വാഗതം......ദേവേന്ദു എസ്

# പത്രാധിപ സമിതി

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | സുമിത്രൻ കെ വി (ഹെഡ്മാസ്റ്റർ) |
| സ്റ്റാഫ് എഡിറ്റർ | : | ജീന കെ വി (എസ് ഐ ടി സി)<br>രമേശൻ എം (കൈറ്റ് മാസ്റ്റർ) |
| സ്റ്റുഡന്റ് എഡിറ്റർ | : | ദേവേന്ദു എസ് കുമാർ (ലിറ്റിൽകൈറ്റ്സ്) |
| കവർ പേജ്,ലോഗോ & ഡിജിറ്റൽ ഗ്രാഫിക്സ് | : | ജ്യോതിക സുജിത്ത് (കുട്ടിക്കൂട്ടം 2018) |
| ടൈപ്പ് റൈറ്റിങ് | : | അർജ്ജുൻ നാഥ്<br>അഹ്രഹ<br>മിൻഹാദ്<br>തഫ്സീർ<br>ഹംറാസ് മെഹറൂഫ് |
| ചിത്രങ്ങൾ | : | അഭിജിത്ത് പി<br>അശ്വിൻ പി |
| ഫോട്ടോഗ്രാഫി | : | ബിനീഷ് നരിക്കുള<br>ജിഷ യു<br>അഭിരാഗ് പി |
| സാങ്കേതിക സഹായം | : | ജിഷ യു (സ്റ്റാഫ്) |


# താളുകളിൽ


പുതു വർഷം.........9
വിദ്യാലയം.........10
ചിന്ത.........11
സൂത്രശാലിയായ കുറുക്കൻ.........12
മുത്തശ്ശി.........13
പൂമ്പാറ്റ.........14
ഒരു യാത്രയുടെ ഓർമ്മ.........15
ഉള്ളിയുടെ കരച്ചിൽ.........16
വരയുടെ കാണാകാഴ്ചകൾ.........17
മരണം.........18
എനിക്കും പറയാനുണ്ട്.........19
കേരളത്തിലെ വെള്ളപ്പൊക്കം.........20
പൂവൻ കോഴി.........23
കുട്ടിക്കാലം.........24
FISH.........25
NICE FOREST.........26
प्यार.........27
होंगे कामयाब.........28
पर्यावरण पर्दूषण.........31

# പുതു വർഷം


ഓർമകളേറെ സമ്മാനിച്ച്
വിടപറയുന്നു ഒരു വർഷം
മഴയും മഞ്ഞും വേനലുമെല്ലാം
മിന്നിമറഞ്ഞു അതിവേഗം
കളിയും ചിരിയും പഠനവുമെല്ലാം
ഓർമകളേറെ തന്നല്ലോ
Happy New Year!
പുതിയ പ്രതീക്ഷകളേകാൻ വീണ്ടും
പുതിയൊരു വർഷം പിറന്നല്ലോ
പറയാം എഴുതാം നേരു പഠിക്കാം
കൂട്ടുകൂടാം കൈകോർക്കാം
നല്ലൊരു നാളെ പണിതീടാനായി
നന്മകളേറെ ചെയ്തീടാം
ആയിഷ കെ സി

# വിദ്യാലയം


വിദ്യാലയം
അറിവിൻ നേർവഴി വിദ്യാലയം
അറിവുകൾ ചൊല്ലും ഗുരുക്കന്മാർ
കളിക്കും, പഠിക്കും, വിജയം നേടും
അറിവിൻ കടലെൻ വിദ്യാലയം
കാലങ്ങളെത്ര മറഞ്ഞാലും
മറക്കില്ല നാം ആ ഓർമ്മകൾ
ഫാത്തിമ ഹന

# ചിന്ത

അർജ്ജുൻനാഥ്

എന്നോ ഞാൻ മോഹിച്ചുപോയി ഒന്ന്

ഒരിത്തിരി അന്നമെൻ മുന്നിലെത്തുവാൻ,

എൻ ജീവിതമൊരു ദാരിദ്ര്യക്കുഴിയിൽ താ-

ഴുമ്പോളൊരു കൈക്കായി ഞാൻ കാത്തിരിപ്പൂ!

എൻ ജീവനാം ജീവിതത്തിൽ ഒരു തുള്ളി

വെള്ളം നണയാൻ ഞാൻ കാത്തിരിപ്പൂ

എൻ ബാല്യമാം ജീവിതത്തിൽ ഒരു

അന്നമെങ്കിലും ഭക്ഷിക്കാൻ ഭാഗ്യമിരിപ്പോ?

നാളെയെൻ കിടാക്കളെ ഊട്ടിയുറക്കാൻ

അമ്മയായി ഞാനിരിപ്പോ

# സൂത്രശാലിയായ കുറുക്കൻ

ദേവേന്ദു എസ് കുമാർ

ഒരിടത്ത് ,ഒരു ഗ്രാമത്തിൽ ഒരു കോഴിയും താറാവും ഉണ്ടായിരുന്നു.ഇരുവരും ചങ്ങാതിമാരാണെങ്കിലും അവർ ആ ഗ്രാമത്തിന്റെ ഇരു മൂലയിലുമാണ്.



തീറ്റതേടി വരുമ്പോൾ മാത്രമാണ് അവർ കണ്ടുമുട്ടുന്നത്.അങ്ങനെ ഒരു ചിങ്ങമാസത്തൽ അവരുടെ സ്വപ്നംപൂവണിഞ്ഞു.അവർ തങ്ങളുടെ മുട്ടയിടാൻ കൂടുകെട്ടി.ഇരുവർക്കും നല്ല സന്തോഷമായി.എന്നാൽ ഇതെല്ലാം ഒരു കുഞ്ഞു കുറുക്കൻ കാണുന്നുണ്ടീയിരുന്നു.ആ കുറുക്കന് ഈ തള്ളക്കോഴിയേയും താറാവിനേയും പേടിയായിരുന്നു.അതിനാൽ അവരുടെ കുഞ്ഞുങ്ങളെ ഭക്ഷിക്കാനായയിരുന്ന കുഞ്ഞു കുറുക്കന്റെ തീരുമാനം.

അങ്ങനെ ഇരുവരും തങ്ങളുടേതായ കൂട്ടിൽ മുട്ടയിട്ടു.പിറ്റേന്ന് അവർ തീറ്റ അന്വേഷിച്ച് അടുത്ത വയലിൽ ചെന്നെത്തി.തക്കം നോക്കിനിന്ന കുഞ്ഞു കുറുക്കൻ താറാവിന്റെയും കോഴിയുടേയും മുട്ടകൾ പരസ്പരം മാറ്റി വച്ചു.സന്ധ്യയായപ്പോൾ അവർ അവരുടെ കൂട്ടിൽ തിരിച്ചെത്തി.

കുറച്ചു ദിവസങ്ങൾ കടന്നു പോയി.കുറുക്കന്റെ വായിൽ വെള്ളമൂറിത്തുടങ്ങി. രണ്ട് ദിവസം കൂടി കഴിഞ്ഞപ്പോൾ അവരുടെ പൊൻ മുട്ടകൾ വിരിഞ്ഞു. സന്തോഷം കൊണ്ടവർ തുള്ളിച്ചാടി.പക്ഷേ... കുഞ്ഞുങ്ങൾ തന്റേതലലെന്ന് അവർ മനസ്സിലാക്കി.കോഴിക്ക് വിരിഞ്ഞത് താറാക്കുഞ്ഞും,താറാവിന് വിരഞ്ഞത് കോഴിക്കുഞ്ഞും.അതിനാൽ അവർ കുഞ്ഞുങ്ങളെ കൊത്തിയോടിച്ചു.കൊത്ത് കൊണ്ടോടിയ കുഞ്ഞുങ്ങൾ ചെന്നെത്തിയത് കുറുക്കന്റെ വായിൽ.

# മുത്തശ്ശി


"മുത്തശ്ശി"
മുത്തശ്ശി നല്ല മുത്തശ്ശി
സ്നേഹ നിധിയായ മുത്തശ്ശി
കഥകൾ പറഞ്ഞു ക്കീടും
എന്നുടെ മാത്രം മുത്തശ്ശി
കാലത്തെഴുന്നേൽക്കും
ഹരിനാമം ജപിച്ചീടും
കോവിലിൽ പോയിടും മുത്തശ്ശി
മനസ്സുനിറയേ സ്നേഹവുമായി
എന്നുടെ വീടിൻ തണലായി
കുട്ടികൾക്ക് തുണയായി
നന്മ നിറഞ്ഞൊരു മുത്തശ്ശി
ഇപ്പോഴെന്റെ മുത്തശ്ശിക്ക്
ഇരിക്കാൻ വയ്യാ നിൽക്കാൻ വയ്യാ
ആരും നോക്കാനില്ലാതെ
വൃദ്ധസദനത്തിൽ കൊണ്ടാക്കി
എന്റെ പാവം മുത്തശ്ശിയെ
ഇന്നന്റെ വീട്ടിൽ
സന്ധ്യാനാമം ചൊല്ലുമ്പോൾ
എന്നും ഓർക്കും മുത്തശ്ശിയെ ...
- അനന്യ . ഇ

# പൂമ്പാറ്റ


പൂമ്പാറ്റ
പൂമ്പാറ്റേ പൂമ്പാറ്റേ
എൻ ചാരത്തു വരുമോ നീ
പൂന്തേനുണ്ടു മദിക്കണ്ടേ
പൂമ്പൊടിയുണ്ട് തിമിർക്കണ്ടേ
ആരു നിനക്കീ നിറമേകി
മഴവില്ലിന്റെയേഴു നിറം
ആരു നിനക്കീ ചിറകേകി
ആകാശത്തു നീന്തീടാൻ.
ആകാശത്തിനു തികവേകാൻ
മഴവില്ലല്ലോ സൃഷ്ടിച്ചു
പൂന്തോട്ടത്തിനു തികവേകാൻ
പൂമ്പാറ്റകളേ നീ മാത്രം.
ശ്രീരാഗ് എ

# ഒരു യാത്രയുടെ ഓർമ്മ

ടി പ്രയാഗ്




ഗുജറാത്തിൽ പോകുന്ന യാത്ര പ്ളാൻ ചെയ്യുമ്പോൾ തന്നെ എന്റെ മനസ്സ് വളരെ ഉല്ലാസത്തിലായിരുന്നു. ഗുജറാത്തിൽ ഞങ്ങൾ കുടുംബസമേതമാണ് പോയത്. പോകുമ്പോൾ ഞങ്ങൾ തീവണ്ടിയിലാണ്. പോകുമ്പോൾ ഓരോ സ്ഥലത്തേയും ഭംഗി കാണാൻ എത്ര രസകരമാണ്.മുപ്പത് മണിക്കൂറിന്റെ നീണ്ട യാത്രയ്ക്ക് ശേഷം ഞങ്ങൾ ഗുജറാത്തിൽഅഹമ്മദാബാദ് എന്ന സ്ഥലത്ത് എത്തി. അവിടെ ഞങ്ങൾ ഒരാഴ്ച താമസിച്ചു അവിടത്തെ ഉത്സവങ്ങളും അവരുടെ ആഘോഷങ്ങളും കാണാൻ രസകരമായിരുന്നു. അവിടെ ഞങ്ങൾ കുറേ അമ്പലത്തിൽ പോയി.പിന്നെ ഗാന്ധിജിയുടെ ആസ്രമത്തിൽ പോയി.അവിടെ ഗാന്ധിജിയുടെ ചെരുപ്പും ഗാന്ധിജിയുടെ സംഭാക്ഷണവും സൂക്ഷിചുവെച്ചിരുന്നു. ഗാന്ധിനഗരിൽ അക്ഷർദാമിൽ പോയിരുന്നു.അവിടെ സ്വാമിനാരായണന്റെ പ്രതിമയാണ് ഉള്ളത്.ഗാന്ധിനഗരിൽ ഗാന്ധിജിയുടെ വലിയ പ്രതിമയുണ്ട്.പിന്നെ ഞങ്ങൾ ദ്വാരകയിൽ പോയി.അവിടെ ശ്രീകൃഷ്ണന്റെ വലിയ ഒരു അമ്പലം കണ്ടു.ഗുജറാത്തിൽ പ്രധാനമായും അമ്പലങ്ങളാണ് കൂടുതൽ.പോർബന്ധർ എന്ന സ്ഥലത്താണ് ഗാന്ധിജി ജനിച്ചത്അവിടെയും ഞങ്ങൾ പോയിരുന്നു.ചുരുക്കി പറഞ്ഞാൽ ഒരു മനോഹരമായ യാത്രയായിരുന്നു. ജീവിതത്തിലെ മറക്കാൻ  കഴിയാത്ത യാത്ര.

# ഉള്ളിയുടെ കരച്ചിൽ

നന്ദന പി

തക്കാളിയും ഉള്ളിയും കൂട്ടുകാരായിരുന്നു.എപ്പോഴും അവർ ഒന്നിച്ചേ നടക്കൂ.ഒന്നിച്ചേ കളിക്കൂ.ഒരിക്കൽ ഉള്ളി തക്കാളിയെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചു.അടുത്ത ദിവസം തക്കാളി ഉള്ളിയുടെ വീട്ടിലേക്ക് യാത്ര തിരിച്ചു.യാത്രയ്ക്കിടയിൽ ഒരു കുട്ടി ഓടി വന്ന് തക്കാളിയെ ചവിട്ടി.




തക്കാളി ചതഞ്ഞു മരിച്ചുപോയി.തക്കാളിയെ കാണാതെ ഉള്ളി വിഷമിച്ചു.

അവസാനം അവനെ അന്വേഷിച്ചിറങ്ങി.വഴിയരികിൽ ആളുകൾ കൂടി നിൽക്കുന്നത് കണ്ട് ഉള്ളി അവിടേക്ക് പോയി.ഹോ!ആ കാഴ്ച കണ്ട് ഉള്ളി പൊട്ടിക്കരഞ്ഞു. ഉള്ളിയുടെ കരച്ചിൽ കേട്ട് ഒരു കുട്ടി അവനെ സമാധാനിപ്പിച്ചു.അപ്പോൾ ഉള്ളി പറഞ്ഞു."എന്റെ കൂട്ടുകാരന് ഞാനെങ്കിലും ഉണ്ടായിരുന്നു.അവനു വേണ്ടി പൊട്ടിക്കരയാൻ ഞാനുണ്ടായി........"ഉള്ളി വീണ്ടും പൊട്ടിക്കരഞ്ഞു."ഇത്രയും ആത്മാർത്ഥതയുള്ള ഒരു കൂട്ടുകാരനെ ഞാൻ ആദ്യമായാണ് കാണുന്നത് "

കുട്ടി പറഞ്ഞു."നിന്നെ ഓർത്ത് കരയാൻ ഒരാൾ മാത്രമല്ല.ഈ ലോകം മുഴുവൻ ഉണ്ടാകും".കുട്ടി ഉള്ളിയെ സമാധാനിപ്പിച്ചു.

✶ ✶ ✶

# വരയുടെ കാണാകാഴ്ചകൾ




സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാൻ അവർക്കു മാത്രമേ സാധിക്കൂ

...അവരാണ് കലാകാരന്മാർ......

✶ ✶ ✶

# മരണം

**മിസ്ബഹ**

ഒളിക്കുന്നു ജീവൻ, എന്നെവിട്ടെങ്ങോ

മറഞ്ഞു പോന്നിടുന്നു




കുതിക്കുന്ന കുതിരയെ മറിഞ്ഞു കടക്കാ-

ൻ ഓടിടുന്നവെൻ ശ്വാസമെന്നും

കരളിനെ കുത്തിനോവിച്ചിടുവാൻ ഇന്ന്,

പണിത മരണത്തിൻ നാളുകൾ

പൊടിയുന്ന ജീവനെ സ്മരിക്കുന്നു ഞാ-

നിന്നൊരു കുതിരയെ വാങ്ങി

ഇല്ലായില്ല നടക്കില്ലയൊന്നും വിധിയെന്ന കുതി-

രയെ മറികടന്നീടുവാൻ

✶ ✶ ✶

## എനിക്കും പറയാനുണ്ട്

അഫ്രഹ കെ



കടയിലേക്കാണോ, ചന്തയിലേക്കാണോ?ഓ എങ്ങോട്ടുപോയാലും കൈയിൽ ഞാൻ വേണമെന്ന് നിർബന്ധമല്ലേ.സാധനങ്ങൾ ത്തുക്കിക്കൊണ്ടു നടക്കാൻ നിങ്ങൾക്ക് ഏറ്റവും സൗകര്യപ്രദം ഞാൻ തന്നെയാണ്.എന്നിട്ടും എനിക്കെതിരെ എന്തെല്ലാം കുറ്റങ്ങളാണ് ആരോപിക്കുന്നത്?നിങ്ങൾ ഉപയോഗം കഴിഞ്ഞാൽ ഞങ്ങളുടെ കൂട്ടുകാരെ വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുന്നത് കൊണ്ടല്ലേ

അന്തരീക്ഷം മലിനമാകുന്നതും മണ്ണ് നശിക്കുന്നതും.അതു കൊണ്ടല്ലേ മാരകരോഗങ്ങൾ വരുന്നതും കൃഷി നശിക്കുന്നതും പകരം ഞങ്ങളെ കൊണ്ട് എന്തെല്ലാം പുനർനിർമിക്കാനാവുമെന്ന് അന്വേഷിക്കൂ.

എന്തെല്ലാം കൗതുകവസ്തുക്കളും ഉപയോഗ്യമായ വസ്തുക്കളും ഞങ്ങളെ

കൊണ്ട് ഉണ്ടാക്കാമെന്നറിയാമോ?ഒന്നു ശ്രമിച്ചു നോക്കൂ.

ഉപയോഗത്തോടൊപ്പം ഞങ്ങളെ രക്ഷിക്കുകയും ചെയ്യൂ.

✶ ✶ ✶

ലേഖനം

# കേരളത്തിലെ വെള്ളപ്പൊക്കം

ഷമിൽ എൻ



(2018 ആഗസ്റ്റിൽ സംഭവിച്ച വെള്ളപ്പൊക്കം)2018 ജൂലായ്,ആഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ ഉയർന്ന അളവിൽ പെയ്ത മഴയുടെ ഫലമായാണ് കേരളത്തിന് വെള്ളപ്പൊക്കം നേരിടേണ്ടി വന്നതും 2018 ന് " നശിച്ച വർഷം "എന്ന പേരു വീഴുന്നതിനും കാരണമായി .മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടലും ഉണ്ടായി.അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നതോടെ മിക്ക അണക്കെട്ടിലേയും ഷട്ടറുകൾ ഉയർത്തി .ചരിത്രത്തിൽ ആദ്യമായി കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നു. 400 ൽ അധികം മരണം റിപ്പോർട്ട് ചെയ്യപ്പെട്ടു . 40,000 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട് എന്നാണ് സർക്കാറിന്റെ വിലയിരുത്തൽ .കൂടിയ അളവിലുള്ള മഴയാണ് വെള്ളപ്പൊക്കത്തിനു കാരണം. ഉരുൾപ്പൊട്ടലുകൾ അതിന്റെ ആഘാതം കൂട്ടി .ജാതിയും മതവും മറന്ന് പരസ്പരം സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വഴിയിലേക്ക് കേരളജനതയെ കൊണ്ട് പോകാൻ നിയോഗിക്കപ്പെട്ടതാണ് ഈ വെള്ളപ്പൊക്കം എന്ന് പറയാം . കൈയും മെയ്യും മറന്ന് ദുരിതങ്ങൾകിടയിലും മറ്റുള്ളവർക്ക് മാനുഷികപരിഗണനകൾ നൽകി രക്ഷാപ്രവർത്തനത്തിനെത്തിയ കേരളത്തിന്റെ നാവികസേന എന്നറിയപെടുന്ന മത്സ്യബന്ധന തൊഴിലാളിയുടെ ആ പ്രവർനത്തനം സ്തുത്യർഹമാണ്.

✶ ✶ ✶


## കലാകാരന്മാർ ഇതുപോലെയാണ്........


അശ്വിൻ പി





അവർ എപ്പോഴും അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു..........

# THE GREAT PERSONALITY Dr.A P J ABDUL KALAM



# പൂവൻ കോഴി

*ആയിശ കെ.സി*



ചിക്കി  ചിക്കി  തത്തിനടക്കും

പൂവൻ  കോഴി  പൂങ്കോഴി

തലയും  നീട്ടി തോളുകുലുക്കി

ഗമകാണിച്ച് നടക്കല്ലേ

കൊച്ചമ്മിണിയുടെ തോട്ടത്തിൽ

വിത്തുകളൊത്തിരിയുണ്ടല്ലോ

ചിക്കി ചിക്കി നടക്കുമ്പോൾ

അറിയാതവിടെ  ചികയല്ലേ

* * *

കവിത

# കുട്ടിക്കാലം

ജുമൈല പി

തിരിച്ച്  വരുമോ
നമ്മുക്ക്  ആ  കുട്ടിക്കാലം
കുന്നിൻ  ചെരുവുകളിൽ
തുമ്പപ്പൂ  പറിച്ചതും
കണ്ണൻ  ചിരട്ടയിൽ
മണ്ണപ്പം ചുട്ടതും
ഇല്ല  തിരിച്ച് വരില്ല
നമുക്കൊരിക്കലും  ആ കാലം
അമ്മതൻ കൈപിടിച്ച്
അമ്മിഞ്ഞപ്പാൽനുകർന്നെടുത്ത്
അടിതെറ്റും പിച്ചവെച്ച്
നടന്നു നീങ്ങിയ  ആ  കാലം
ഇല്ല  തിരിച്ച്  വരില്ല
നമുക്കൊരിക്കലും  ആ  കാലം



* * *

കവിത

# FISH

*Shihana Sherin*

FISHY  FISHY IN THE BROOK

FISHY  FISHY IN THE BROOK




DADDY CAUGHT HIM WITH A HOOK


MUMMY FRIED HIM IN THE PAN

AND  BABY ATE HIM LIKE A MAN

✶ ✶ ✶

# NICE FOREST


ഷഫീല സി പി



കവിത

# प्यार

टी पी वेणुगोपाल


प्यार:

सूखे बगीचे के सामने
अकेला बैठा था मैं।

अचानक एक बूँद मेरे सामने आ गिरी।
वह ढुलककर आयी मेरे पास।
कहती है चुपचाप,

मैं तुम्हारे बगीचे को जिलाने आयी हूँ।
फूलों से सजाने आयी हूँ।
सुगंध फैलाने आयी हूँ ।

अरे तू !
मुझे विश्वास नही आया।

वह मुसकुराती।
फिर चुपचाप कहने लगी।
कभी कभी एक किरण से भी होती है रोशनी,
कभी कभी गीत बन जाती है इक वाणी,
कभी कभी एक शब्द से भी होती है कहानी,
कभी कभी एक बूँद से भी होता है पानी....
इस दुनिया मे अकेला कौन है यार!
इस दुनिया का एक ही बंधन है प्यार।

टी पी वेणुगोपालन

★ ★ ★

# होंगे कामयाब

जीना के वी

जीवन के इस तीसरे पहर में
मैं दुनिया से पूछती हूँ
हे दुनियावालों तुम्हें हो गया क्या?
तुम्हारा अस्तित्व
कहाँ से कहाँ पहुँचा?
हज़रों सपनों को इकठ्ठा करके
जन्म लिया था इस पावन भू पर ।
याद करती हूँ आज मैं
जीवन के इस प्रथम पहर को
कितना मधुमय था वह जीवन!
कू–कू करती कोयल
कल–कल करती नदियाँ
सब जीवन के उजियाले अंग थे।
न धर्म के भेद–भाव
न जाति के,
न कोई छोटा
न कोई बडा,
सब बराबर।
सब कहां नारा  भाईचारे का

जीवन की दुपहरी की

करती हूँ याद–

भाईचारा टूटने लगा,

मंदिर,मसजिद बने

और

मसजिद बनी मंदिर।

अंदर का व्यक्तित्व एक

बाहर का तो एकदम भिन्न।

हाथों में हथियार

दंगा–फसाद,लूट–मार

सब कहीं इन्हीं का ही नारा।

जिनके हाथों देश का भविष्य

वे चक्की पीस रहे हैं जेल में।

शासक तो करते हैं राज गर्व से

उनकी वाणी ईश्वर की जैसी

लगते हैं मूर्खों को।

न सत्य की पहचान,न झूठ की।

किसी के भी इशारे पर

नाचेंगे लोग सब।

चलती है दुनिया

अधर्म के पीछे

हिंसा के बगैर जीना उसका मुशकिल।

गरीब से गरीब

हो गये वे कंकाल

जीवन की गोधूली में

दुनिया से पूछती हूँ

क्या यही है जीवन?

जीवन के इस तीसरे पहर में

मेरे अंदर भी जागी

सुनहरी आशाओं की एक किरण

जो इन सबके विपरीत है

जिसकी चकाचौंध में

सच और झूठ की पहचान करें

दुनिया बारंबार।

जीवम के इस तीसरे पहर में

जब गहरी नींद आने लगी

तब

एक आशावादी स्वर

गूँज उठता है मन में–

"होंगे कामयाब, होंगे कामयाब होंगे कामयाब, एक दिन।"

✶ ✶ ✶

# पर्यावरण पर्दूषण

आमिना टी

वैग्यानिक युग में पर्यावरण पर्दूषण एक गंभीर समस्या बन गई है।मिट्टी,वायु, जल,पेड–पौधे,जीव–जंन्तु
आदि मिलकर पर्यावरण बनता है।संसार के समस्त प्राणियों का जीवन पर्यावरण पर निर्भर रहता है।जब पर्यावरण
प्रदूषित हो जाता है,तब जीवन खतरे में पड़ जाता है।दुख की बात है कि आए दिन पर्यावरण बहुत खतरे में है।
प्रकृति में होनेवाले सारे परिवर्तनों का प्रभावसभी प्राणियो और पेड़–पौधों पर ही पड़ता है।

पर्यावरण के अन्य प्राणि  पर्यावरण केलिए खतरा नहीं है। पर्यावरण को पर्दूषित करने में मानव का बडा हाथ है।मनुष्य अपनी सुख–सुविधाओं के लिए नये–नये अनुसंधानों में लगे रहते हैं।वे विकास के नाम पर पर्या
वरण को दूषित करते हैं।

वैग्यानिक अनुसंधानों से मनुष्य उन्नति के शिखर तक पहँच चुका है। उसके साथ ही पर्यावरण स्वच्छता की भी क्षति हो रही है।बीसवीं सदी के मानव द्वारापर्यावरण प्रदूषित हो रहा हैं।प्राकृतिक  पर्यावरण अप्राकृतिक हो रहा है। देश की आबादी बढ़ रही है।ज़रूरतें भी बढ़ रही हैं।सुख–सुविधाओं की लालसा बढ़ रही हैं। मकान बनाने, खेती करने,इंधन प्राप्त करने तधा पैसा कमाने केलिए पेड़–पौधे और जंगलों की सफाई हो रही है।सडकें और कारखानें बनाने केलिए प्रकृति का विनाश

किया जाता है।सारे कूडे–कचरे औरबेकार पदार्थ नदियों समुद्रों में डाल दिये जाते हैं। नतीजा है,लोगों का शुद्ध जल

से वंचित रह जाना।जल प्रदूषण से महामारिय़ाँ फैलने लगती हैं।टीलों को गिराकर मिट्टी जलस्रोतों में डाल दी जाती है।इससे जलस्रोत हमेशा के लिए गायब हो जाता है। रासायनिक पदार्थ ,कीटनाशक दवाएँ,प्लास्टिक आदि के कारण

मिट्टी प्रदूषित होती जा रही है।

संक्षेप में कहें तो पर्यावरण की रक्षा हरेक मानव का परम कर्तव्य है।


science club
sports club
English club
Arts club
CLUB ACTIVITIES
vidhyarangam club
Hindi club
Maths club
Health club
social science club
'The thinks taught in schools are not an education but the means of an education'

## We Learn To Serve



കർമ്മനിരതരായ എസ് പി സി വിദ്യാർത്ഥികൾ

സ്കൂൾ പരിസരശുചീകരണവേളയിൽ

OPERATION STARTED……….



എസ് പി സി കാഡറ്റ്സ് ഫയർ ആൻറ് റെസ്ക്യൂ പരിശീലനത്തിൽ

✶ ✶ ✶

## ട്രാഫിക് ബോധവൽക്കരണം



എന്നും എപ്പോഴും.................


രസകരമായ ഫീൽഡ് ട്രിപ്പുകൾ..................




അറിവും ആനന്ദവും പ്രദാനം ചെയ്യുന്ന ഫീൽഡ് ട്രിപ്പുകൾ എന്നും എ സ് പി സി യുടെ മുതൽ കൂട്ടാണ്.........

✶ ✶ ✶

## വിദ്യാർത്ഥികൾ യോഗ പരിശീലനത്തിനിടയിൽ......




Yoga is the dance of every cell with the music of every breath,that creates inner serenity and harmony.

–DEBASIH MRIDHA–

✶ ✶ ✶

## ലഹരി വിരുദ്ധ സൈക്കിൾ റാലി




സ്കൂൾ വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി നടത്തിയ ലഹരി വിരുദ്ധ കാംപെയ്ൻ.

✶ ✶ ✶

## കരാട്ടെ പരിശീലനം




Karate is a Japanese martial art whose physical aspects seek the development of defensive and cuonterattacking body movements.The themes of traditional karate training are fighting and self−defense,though its mental and moral aspects target the overall improvement of the individual.

✶ ✶ ✶

## ഇ എം എസിന്റെ മറ്റൊരഭിമാനം.......



ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന പാപ്പിനിശ്ശേരിയിലെ ബഡ്സ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകി ഇ എം എസിലെ വിദ്യാർത്ഥികൾ ആതുരസേവനരംഗത്ത് സജീവമാകുന്നു.

✶ ✶ ✶

പരിസ്ഥിതി പഠനം




ജൈവവൈവിധ്യ മേഖലയായ മാടായിപ്പാറയിലേക്ക് ഒരു

അധ്യയന യാത്ര....

✶ ✶ ✶

## ഒരു ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ



ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ആനിമേഷൻ പരിശീലനവേളയിൽ....

സബ്ജില്ലാ ക്യാമ്പിൽ ആനിമേഷൻ വിഭാഗത്തിൽ ഹംറാസ് മെഹറൂഫ്

ഒന്നാം സ്ഥാനത്തോടെ ജില്ലാ ക്യാമ്പിലേക്ക് യോഗ്യത നേടി.

★ ★ ★

നമുക്കും ഒരു കൈ നോക്കാം..........



## ഇവർ ഇ എം എസിൻെറ അഭിമാനം



സംസ്ഥാന പ്രവൃത്തി പരിചയ മേളയിൽ ഒന്നാം സ്ഥാനം ലഭിച്ച നിധുല പി(ചോക്ക് നിർമ്മാണം), അപർണ എം വി -എ ഗ്രേഡ് (പപ്പെട്രി) എന്നിവർ കണ്ണൂർ ശിക്ഷക്സ്സദനിൽ വച്ച നടന്ന ചടങ്ങിൽ കണ്ണൂർ ഡി ഡി നിർമ്മല ദേവി അവർകളിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങുന്നു.

BIG SALUTE TO YOU ADHEENI.......





## കായിക വിദ്യാഭ്യാസം നിറവിൻെറ പാതയിൽ






സുബ്രതോ ജില്ലാചാമ്പ്യൻഷിപ്പിൽ ചാമ്പ്യന്മാരായ

ഇ.എം.എസ്.എസ്.ജി.എച്ച്.എസ്.എസിലെ ഫുട്ബോൾ ടീം

# ജെ ആർ സി യിലെ ചുണക്കുട്ടികൾ





The goal of education is the advancement of knowledge and the dissemination of truth.
-JOHN FITZGERALD KENNEDY





എം രമേശൻ

(കൈറ്റ് മാസ്റ്റർ)

ജീന കെ വി

(കൈറ്റ്മിസ്ട്രസ്സ്)

"ദർപ്പൺ"–ൻെറ പൂർണ്ണതയ്ക്കുവേണ്ടി പരിശ്രമിച്ച

എല്ലാ സുമനസ്സുകൾക്കും ഒരായിരം നന്ദി.

ഇ എം എസ് സ്മാരക ജി എച്ച് എസ് എസ്,പാപ്പിനിശ്ശേരി

കണ്ണൂർ

pphss.pappinisseri@yahoo.co.in